# <u>പത്രകുറിപ്പ്</u>

**14.12.2017** തീയതി നിയുക്ത ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ശ്രീ.രാഹുൽ ഗാന്ധി, എം.പിയുടെ തിരുവനന്തപുരം നഗരത്തിലെ സന്ദർശനവുമായി ബന്ധപ്പെട്ട് അന്നേദിവസം രാവിലെ **10.00** മണി മുതൽ രാത്രി **08.00** മണി വരെ തിരുവനന്തപുരം നഗരത്തിൽ ചുവടെ പറയുന്ന ഗതാഗത ക്രമീകരണങ്ങൾ എർപ്പെടുത്തിയിട്ടുള്ളതാണ്.

- **14.12.2017** തീയതി രാവിലെ **10.00** മണിമുതൽ ഉച്ചയ്ക്ക് **01.00** മണിവരെ വിഴിഞ്ഞം, കോവളം, വെള്ളാർ, വാഴമുട്ടം, തിരുവല്ലം, പൂന്തുറ, എസ്.എം ലോക്ക്, കുമരിച്ചന്ത, കല്ലുംമൂട്, ഈഞ്ചയ്ക്കൽ, ചാക്ക, ആൾസെയിന്റ്സ്, ശംഖുമുഖം, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, ജി.വി.രാജ, ആർ.ആർ.ലാമ്പ് വരെയുള്ള റോഡുകളിൽ ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്

- അന്നേ ദിവസം ഉച്ചയ്ക്ക് **02.00** മണിമുതൽ വൈകുന്നേരം **08.00** മണിവരെ ജി.വി രാജ, ആർ.ആർ ലാമ്പ്, മ്യൂസിയം, വെള്ളയമ്പലം, ആൽത്തറ, വഴുതക്കാട്, സാനഡു, തൈക്കാട് വരെയുള്ള റോഡിലും, പബ്ലിക് ലൈബ്രറി, നന്ദാവനം, ആർ.ബി.ഐ, ബേക്കറി, ജേക്കബ്സ്, ഗേറ്റ്-IV വരെയുള്ള റോഡിലും, അണ്ടർ പാസ്, ആശാൻ സ്ക്വയർ, ജനറൽ ആശുപത്രി, പേട്ട, ചാക്ക, ആൾ സെയിന്റ്സ്, ശംഖുമുഖം, എയർപാർട്ട് വരെയുള്ള റോഡുകളിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

നെയ്യാറ്റിൻകര, പാറശ്ശാല ഭാഗങ്ങളിൽ നിന്ന് 'പടയൊരുക്കം' സമാപന സമ്മേളനവുമായി ബന്ധപ്പെട്ട് വരുന്ന ചെറിയ വാഹനങ്ങൾ കരമന – കിള്ളിപ്പാലം - തമ്പാനൂർ – ആർ.എം.എസ് വഴി മാഞ്ഞാലിക്കുളം ഗ്രൗണ്ടിലെത്തി ആളെ ഇറക്കിയ ശേഷം അവിടെ പാർക്ക് ചെയ്യേണ്ടതാണ്.

നെടുമങ്ങാട്, പേരൂർക്കട, അരുവിക്കര, വട്ടിയൂർക്കാവ് ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ കവടിയാർ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കുറവൻകോണം- മരപ്പാലം - കൊരുങ്ങാനൂർ – പ്ലാമൂട് - പി.എം.ജി, ജി.വി.രാജ, ആർ.ആർ ലാമ്പ്, രക്തസാക്ഷി മണ്ഡപം, വി.ജെ.റ്റി വഴി വന്ന് യൂണിവേഴ്സിറ്റി കോളേജ് ലൈബ്രറിയുടെ ഭാഗത്ത് ആളെ ഇറക്കിയ ശേഷം ജനറൽ ആശുപത്രി, പേട്ട, ചാക്ക വഴി ഈഞ്ചയ്ക്കൽ ബൈപ്പാസിൽ എത്തി സർവ്വീസ് റോഡിൽ മാർഗ്ഗതടസ്സം കൂടാതെ പാർക്ക് ചെയ്യേണ്ടതാണ്.

മലയിൻകീഴ്, കാട്ടാക്കട സിറ്റിയിലെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ പൂജപ്പുര – ജഗതി - മേട്ടുക്കട - സംഗീത കോളേജ് – മോഡൽസ്കൂൾ ജംഗ്ഷൻ – ഹൗസിംഗ് ബോർഡ് ജംഗ്ഷനിലെത്തി ആളെ ഇറക്കിയ ശേഷം വാഹനങ്ങൾ തിരികെ പൂജപ്പുര ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

പത്തനംതിട്ട, കൊല്ലം, വർക്കല, ചിറയിൻകീഴ്, ആറ്റിങ്ങൾ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ തീരദേശ പാത വഴിയോ കഴക്കൂട്ടം ബൈപ്പാസ് വഴിയോ വന്ന് ചാക്കയിൽ നിന്നും തിരിഞ്ഞ് ജനറൽ ആശുപത്രി, ആശാൻ സ്ക്വയറിൽ എത്തി ആളെ ഇറക്കിയശേഷം വാഹനങ്ങൾ ഈഞ്ചയ്ക്കൽ, കോവളം ബൈപ്പാസിൽ എത്തി പാർക്ക് ചെയ്യേണ്ടതാണ്.

പി.റ്റി.സി ഗ്രൗണ്ടിൽ നടക്കുന്ന സമ്മേളനവുമായി ബന്ധപ്പെട്ട് വരുന്ന വാഹനങ്ങൾ തൈക്കാട് ഗസ്റ്റ് ഹൗസ് ജംഗ്ഷനിൽ എത്തി ആളെ ഇറക്കിയ ശേഷം ഫ്ലൈ ഓവർ – കിള്ളിപ്പാലം – ബണ്ട് റോഡ് വഴി ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

<u>വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ</u>

- മുക്കോല ഭാഗത്തു നിന്നും തിരുവനന്തപുരം നഗരത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾ മുക്കോല നിന്നും തിരിഞ്ഞ് വെങ്ങാനൂർ, പള്ളിച്ചൽ പാപ്പനംകോട് വഴി പോകേണ്ടതാണ്.
- കഴക്കൂട്ടം ബൈപ്പാസ് വഴി വരുന്ന ചെറിയ വാഹനങ്ങൾ കുഴിവിള ജംഗ്ഷനിൽ നിന്നോ വെൺപാലവട്ടം ജംഗ്ഷനിൽ നിന്നോ തിരിഞ്ഞ് പോകേണ്ടതാണ്.

- കഴക്കൂട്ടം ബൈപ്പാസ് വഴി വരുന്ന കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള ഹെവി വാഹനങ്ങൾ കാര്യവട്ടം, ശ്രീകാര്യം വഴി പോകേണ്ടതാണ്.

- തൈക്കാട് നിന്നും മേട്ടുക്കട, സാനഡു, വഴുതക്കാട് പോകേണ്ട വാഹനങ്ങൾ തമ്പാനൂർ ഫ്ലൈ ഓവറിൽ നിന്നും തിരിഞ്ഞ് മോഡൽ സ്കൂൾ, പനവിള, ബേക്കറി വഴി പോകേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു പാരലൽ ആയോ ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ടയാളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്യുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്ത് നിയമ നടപടിസ്വീകരിക്കുന്നതാണ്.

എയർപ്പോർട്ടിലേക്ക് വരുന്ന യാത്രക്കാർ ഗതാഗത തിരക്ക് കണക്കിലെടുത്ത് അന്നേദിവസം രാവിലെ **10.00** മണിമുതൽ ഉച്ചയ്ക്ക് **01.00** മണിവരെയും വൈകുന്നേരം **05.30** മണിമുതൽ രാത്രി **08.30** മണിവരെയുമുള്ള യാത്രകൾ ക്രമീകരിക്കേണ്ടതാണ്.

ഒരു കാരണവശാലും വിഴിഞ്ഞം, കോവളം, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ഹോസ്പിറ്റൽ, ആശാൻസ്ക്വയർ, പാളയം, വെള്ളയമ്പലം റോഡിലും, എയർപ്പോർട്ട്, ആൾസെയിന്റ്സ്, ചാക്ക, ഈഞ്ചയ്ക്കൽ, കോവളം, വിഴിഞ്ഞം റൂട്ടിലും, ചാക്ക- കഴക്കൂട്ടം ബൈപ്പാസ് റോഡിലും തൈക്കാട്, വഴുതക്കാട്, വെള്ളയമ്പലം റോഡിലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

പടയൊരുക്കത്തിന്റെ സമാപനവുമായി ബന്ധപ്പെട്ട് പ്രവർത്തകരെ കൊണ്ടുവരുന്ന വാഹനങ്ങളും പി.റ്റി.സി ഗ്രൗണ്ടിൽ നടക്കുന്ന പരിപാടിയുമായി ബന്ധപ്പെട്ട് വരുന്ന വഹനങ്ങളും സുഗമവും, സുരക്ഷിതവുമായ ഗതാഗതത്തിന് ട്രാഫിക് പോലീസുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തി ക്കേണ്ടതാണ്.

സമ്മേളനം കഴിഞ്ഞ് ആറ്റിങ്ങൽ, വർക്കല, കൊല്ലം, ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ വേളി, തുമ്പ, പെരുമാതുറ, പെരുമാതുറപുതിയപ്പാലം (തീരദേശപാത)വഴിയോ, തുമ്പ, കഴക്കൂട്ടം ദേശിയപാത വഴിയോ വടക്ക് ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

തെക്ക് ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ഈഞ്ചയ്ക്കൽ ബൈപാസിൽനിന്നും ആളെ എടുത്ത് ഈഞ്ചയ്ക്കൽ, കോവളം, വിഴിഞ്ഞം വഴി പോകേണ്ടതാണ്.

വട്ടിയൂർക്കാവ്, മലയിൻകീഴ്, കാട്ടാക്കട, പേരൂർക്കട, നെടുമങ്ങാട് ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ വന്നവഴിതന്നെ തിരികെ പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.